# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 25.08.2026**

## പ്രധാനവാർത്തകൾ

1. രാജ്യത്തിന്റെ ഡിജിറ്റൽ പണമിടപാട് സംവിധാനമായ യുപിഐ 10 വർഷം പൂർത്തിയാക്കി; ഇടപാടുകളുടെ എണ്ണത്തിൽ 13,000 മടങ്ങ് വർധന.
2. കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമന്റെ കാനഡ - അമേരിക്ക സന്ദർശനത്തിന് ഇന്ന് തുടക്കം.
3. ഉത്രാടപ്പാച്ചിലിൽ മലയാളികൾ. പൊന്നോണത്തെ വരവേൽക്കാൻ നാടും നഗരവും ഒരുങ്ങി. നാളെ തിരുവോണം.
4. ഓണത്തോടനുബന്ധിച്ച് ശബരിമലയിൽ ഭക്തജനത്തിരക്ക്. ഗുരുവായൂർ ക്ഷേത്രത്തിൽ വെള്ളിയാഴ്ച വരെ രാവിലെ 6 മണി മുതൽ ഉച്ച്യ്ക്ക് രണ്ടു മണി വരെ വിഐപി - സ്പെഷ്യൽ ദർശനങ്ങൾ ഉണ്ടാകില്ല.
5. പ്രവാചക സ്മരണയിൽ ഇന്ന് നബിദിനം. ആശംസകൾ നേർന്ന് മുഖ്യമന്ത്രി വി ഡി സതീശൻ , പ്രതിപക്ഷ നേതാവ് പിണറായി വിജയൻ തുടങ്ങിയവർ.
6. സംസ്ഥാനത്ത് ശക്തമായ മഴയ്ക്ക് സാധ്യത. 11 ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത. --കേരളം- കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്ക്.

*******************

RNU TVPM

## യു പി ഐ - 10 വർഷം

ഇന്ത്യയുടെ ഡിജിറ്റൽ സാമ്പത്തിക രംഗത്തിന്റെ നട്ടെല്ലായ യൂണിഫൈഡ് പേയ്മെന്റ്സ് ഇന്റർഫേസ് - യു പി ഐ - സേവനം ആരംഭിച്ചിട്ട് 10 വർഷം തികയുന്നു. 2016 ഓഗസ്റ്റ് 25-ന് തുടക്കം കുറിച്ച യു.പി.ഐ, ഡിജിറ്റൽ ഇടപാടുകളുടെ എണ്ണത്തിൽ പതിമൂവായിരത്തിലധികം മടങ്ങ് വളർച്ചയാണ് കൈവരിച്ചത്. നിലവിൽ യു.എ.ഇ, ഫ്രാൻസ്, ഭൂട്ടാൻ, ശ്രീലങ്ക ഉൾപ്പടെ 11 രാജ്യങ്ങളിൽ യു.പി.ഐ സേവനങ്ങൾ ലഭ്യമാണ്.

*******************

## നിർമ്മല സീതാരാമൻ

കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമന്റെ കാനഡ - അമേരിക്ക സന്ദർശനത്തിന് ഇന്ന് തുടക്കം. ഉഭയകക്ഷി സാമ്പത്തിക-ധനകാര്യ പങ്കാളിത്തം ശക്തിപ്പെടുത്തുക, നിക്ഷേപ ബന്ധങ്ങൾ കൂടുതൽ ദൃഢമാക്കുക എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചുള്ളതാകും സന്ദർശനമെന്ന് ധനമന്ത്രാലയം അറിയിച്ചു. കാനഡ ധനമന്ത്രിക്കൊപ്പം പ്രഥമ സാമ്പത്തിക, ധനകാര്യ സംഭാഷണത്തിൽ കേന്ദ്രധനമന്ത്രി പങ്കെടുക്കും. വിവിധ വ്യവസായ വട്ടമേശ സമ്മേളനങ്ങളിലും ശ്രീമതി നിർമല സീതാരാമൻ സംസാരിക്കും.

*******************

## ഓണം വാരാഘോഷം

ഉത്രാടപ്പാച്ചിലിൽ മലയാളികൾ. പൊന്നോണത്തെ വരവേൽക്കാൻ നാടും നഗരവും ഒരുങ്ങിക്കഴിഞ്ഞു. സദ്യ വട്ടങ്ങളൊരുക്കിയും ഒത്തുകൂടിയും നാളെ തിരുവോണം ആഘോഷിക്കും. സംസ്ഥാനമെങ്ങും ഓണാഘോഷ ലഹരിയിലാണ്. ടൂറിസം വകുപ്പിന്റെ സംസ്ഥാനതല ഓണം വാരാഘോഷം തിരുവനന്തപുരത്ത് കനകക്കുന്ന് ഉൾപ്പടെയുള്ള വേദികളിൽ പുരോഗമിക്കുകയാണ്. ഈ മാസം 30 ന് ഓണം വാരാഘോഷത്തിന്റെ സമാപന ചടങ്ങിൽ ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണനും ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കറും പങ്കെടുക്കും.

RNI TVPM

*******************

## തിരുവനന്തപുരം ഉത്രാടം ( ഇൻട്രോ)

തിരുവനന്തപുരം ഉത്രാടത്തിരക്കിലേക്ക്. തിരുവോണ ആഘോഷത്തിനുള്ള അവസാന വട്ട ഒരുക്കങ്ങൾ പൂർത്തിയാക്കാനുള്ള ഉത്രാടപ്പാച്ചിലിലാണ് ജില്ല. പുതുവസ്ത്രങ്ങളും പൂക്കളും ഓണസദ്യയ്ക്കുള്ള പച്ചക്കറികളും പലവ്യഞ്ജനങ്ങളുമായി വിപണികളും സജീവമാണ്. **വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി റിജു കോലിയക്കോട്....**
**( വോയിസ്...)**

*******************

## ഓണാശംസകൾ

എല്ലാ മലയാളികൾക്കും ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, മുഖ്യമന്ത്രി വി ഡി സതീശൻ തുടങ്ങിയവർ ഓണാശംസകൾ നേർന്നു. ഓണം ഒരുമയുടെ ആഘോഷമാണെന്നും എല്ലായിടത്തും സമൃദ്ധിയും സമാധാനവും പുലരട്ടെയെന്നും ഗവർണർ ആശംസ സന്ദേശത്തിൽ പറഞ്ഞു. ഉത്രാട ദിനത്തിൽ എല്ലാവർക്കും ആശംസകൾ നേരുന്നതായി മുഖ്യമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു.

PNU TVPM

*******************

## ഗുരുവായൂർ - ദർശനം

തിരുവോണത്തെ വരവേൽക്കാൻ ഒരുങ്ങി ഗുരുവായൂർ ക്ഷേത്രം. ഉത്രാടദിനമായ ഇന്ന് പുലർച്ചെ ഗുരുവായൂരപ്പന് ഭക്തർ കാഴ്ചക്കുലകൾ സമർപ്പിച്ചു. ഈ മാസം 28 വരെ ഗുരുവായൂർ ക്ഷേത്രത്തിൽ രാവിലെ 6 മണി മുതൽ ഉച്ചയ്ക്ക് രണ്ടു മണി വരെ വിഐപി ദർശനമോ സ്പെഷ്യൽ ദർശനമോ ഉണ്ടാകില്ല. ചൊവ്വ, വ്യാഴം ദിവസങ്ങളിൽ 8 സ്ലോട്ടുകളിലായി ദിവസവും 2400 പേർക്ക് വെർച്വൽ ക്യൂ ദർശനത്തിനുള്ള അവസരമുണ്ട്.

*******************

## ശബരിമല

ഓണത്തോടനുബന്ധിച്ച് ശബരിമലയിൽ ഭക്തജനത്തിരക്ക്. തിരുവോണ ദിവസം സന്നിധാനത്ത് ഓണ സദ്യ ഉണ്ടായിരിക്കും. പൂജകൾ പൂർത്തിയാക്കി വെള്ളിയാഴ്ച രാത്രി 10 മണിക്കാണ് നട അടയ്ക്കുക.

*******************

## പാലക്കാട് (ഇൻട്രോ)

പാലക്കാട് ജില്ലാതല ഓണാഘോഷ പരിപാടി - ശ്രാവണ പൊലിമയ്ക്ക് ഇന്ന് അരങ്ങുണരും. വൈകീട്ട് രാപ്പാടിയിൽ മന്ത്രി എൻ. ഷംസുദ്ദീൻ ഉദ്ഘാടനം ചെയ്യും.

**വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്.......**

(വോയ്സ്)

*******************

## റേഷൻ കടകൾ അവധി

ഓണത്തോടനുബന്ധിച്ച് ഇന്ന് റേഷൻ കടകൾ തുറന്ന് പ്രവർത്തിക്കും. നാളെയും ഈ മാസം 27, 28 സെപ്തംബർ 2 തീയതികളിലും റേഷൻ കടകൾ അവധിയായിരിക്കും.

*******************

## 2 ലക്ഷം രൂപ അനുവദിച്ചു

വനിതാ-ശിശുക്ഷേമ സംരക്ഷണ കേന്ദ്രങ്ങളിലെ കുട്ടികൾക്ക് ഓണം ആഘോഷിക്കാൻ 2 ലക്ഷം രൂപ അനുവദിച്ച് സംസ്ഥാന സർക്കാർ. മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം കേരള ഫിനാൻഷ്യൽ കോർപ്പറേഷനാണ് രണ്ട് ലക്ഷം രൂപ അനുവദിച്ചത്. സംസ്ഥാനത്ത് 16 ശിശു സംരക്ഷണ കേന്ദ്രങ്ങളിലെയും, 250 കുട്ടികൾക്ക് ഓണസദ്യയും ഔട്ടിംഗും സിനിമ കാണാനുള്ള സൗകര്യവും ഏർപ്പെടുത്തും.

*******************

## ശ്രീനാരായണ ഗുരുജയന്തി ആഘോഷം

172-ാമത് ശ്രീനാരായണ ഗുരു ജയന്തി ആഘോഷങ്ങൾക്ക് നാളെ തുടക്കമാകും. തിരുവനന്തപുരം ചേന്തി ശ്രീനാരായണ സാംസ്കാരിക നിലയത്തിൽ വെള്ളിയാഴ്ച വരെയാണ്

RNUTVPM

ആഘോഷങ്ങൾ. വെള്ളി രാവിലെ നടക്കുന്ന പുഷ്പാർച്ചനയിൽ മന്ത്രി രമേശ് ചെന്നിത്തല പങ്കെടുക്കും. അന്നേദിവസം വൈകുന്നേരം 5.30ന് നടക്കുന്ന സാംസ്കാരിക സമ്മേളനം മുഖ്യമന്ത്രി വി.ഡി.സതീശൻ ഉദ്ഘാടനം ചെയ്യും. മന്ത്രിമാരായ കെ. മുരളീധരൻ, സി.പി.ജോൺ, മേയർ വി.വി.രാജേഷ്, വി.മുരളീധരൻ എംഎൽഎ തുടങ്ങിയവർ പങ്കെടുക്കും.

*******************

## നബിദിനം

പ്രവാചകൻ മുഹമ്മദ് നബിയുടെ ജന്മവാർഷികത്തോട് അനുബന്ധിച്ച് ഇസ്ലാം മതവിശ്വാസികൾ ഇന്ന് നബിദിനം ആഘോഷിക്കുന്നു. വിപുലമായ പരിപാടികളാണ് ഇന്ന് സംസ്ഥാനത്തുടനീളം സംഘടിപ്പിക്കുക. വിവിധയിടങ്ങളിൽ നബിദിന ഘോഷയാത്രകളും കുട്ടികളുടെ കലാപരിപാടികളും അന്നദാനവും ഒരുക്കിയിട്ടുണ്ട്. മഅ്ദിൻ അക്കാദമിയും വിവിധ മുസ്ലിം സംഘടനകളും സംയുക്തമായി സംഘടിപ്പിച്ച, കേരളത്തിലെ ഏറ്റവും വലിയ നബിദിന സന്ദേശ റാലി ഇന്നലെ മലപ്പുറത്ത് നടന്നു. എല്ലാ വിശ്വാസികൾക്കും മുഖ്യമന്ത്രി വി ഡി സതീശൻ , പ്രതിപക്ഷ നേതാവ് പിണറായി വിജയൻ തുടങ്ങിയവർ നബിദിനാശംസകൾ നേർന്നു.

RNU TVPM

*******************

## ആദിൽ അവയവ ദാനം

മസ്തിഷ്കമരണം സംഭവിച്ച മലപ്പുറം പെരിന്തൽമണ്ണ സ്വദേശിയായ 16-കാരന്റെ അവയവങ്ങൾ മൂന്നുപേർക്ക് പുതുജീവനേകും. വാഹനാപകടത്തിൽ മരിച്ച ആദിലിന്റെ കരൾ, വൃക്കകൾ എന്നിവയാണ് ദാനം ചെയ്തത്. സംസ്ഥാന സർക്കാരിന്റെ ഔദ്യോഗിക അവയവദാന ഏജൻസിയായ കെ-സോട്ടോ മുഖേനയാണ് നടപടികൾ ഏകോപിപ്പിച്ചത്. മൂന്ന് വ്യക്തികളിലൂടെ ആദിൽ ഈ ലോകത്ത് ഇനിയും ജീവിക്കും എന്ന പ്രതീക്ഷയാണ് തീരുമാനത്തിന് കരുത്തായതെന്ന് ആദിലിന്റെ കുടുംബം പ്രതികരിച്ചു.

*******************

മഴ

സംസ്ഥാനത്ത് ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്രകാലാവസ്ഥ വകുപ്പ്. തിരുവനന്തപുരം , കൊല്ലം , പാലക്കാട് ഒഴികെയുള്ള 11 ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. താഴ്ന്ന പ്രദേശങ്ങളിലും നദീതീരങ്ങളിലും വെള്ളപ്പൊക്കത്തിന് സാധ്യതയുണ്ടെന്നും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ശക്തമായ കാറ്റ് വീശുന്നതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണം. മോശം കാലാവസ്ഥ കണക്കിലെടുത്ത് കേരളം- കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

*******************

കണ്ണൂർ (ഇൻട്രോ)

കണ്ണൂരിൽ കനത്ത മഴ. കൊട്ടിയൂർ പാൽ ചുരം റോഡിൽ മണ്ണിടിഞ്ഞ് ഗതാഗതം തടസ്സപ്പെട്ടു. മലയോര മേഖലയിൽ പുഴ കരകവിഞ്ഞു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ.........

(വോയ്സ്)

RNU TVPM

*******************

ഗതാഗത നിരോധനം

പാൽചുരം റോഡിൽ മണ്ണിടിച്ചിലുണ്ടായ സാഹചര്യത്തിൽ ബോയ്സ് ടൗൺ- പാൽചുരം റോഡിലൂടെയുള്ള ഗതാഗതം നിരോധിച്ചതായി ജില്ലാ ഭരണകൂടം അറിയിച്ചു. ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നതുവരെ യാത്രാ നിരോധനം തുടരും.

*******************

സംരക്ഷണ ഭിത്തി ഇടിഞ്ഞു

കണ്ണൂർ എളയാവൂരിൽ ദേശീയപാത സംരക്ഷണ ഭിത്തി ഇടിഞ്ഞു. വീടുകളോട് ചേർന്നാണ് മണ്ണിടിഞ്ഞത്. മുൻപും ഇവിടെ സംരക്ഷണ ഭിത്തി ഇടിഞ്ഞിരുന്നു.

*******************

## സൈനൻ കെടാമംഗലം

കേരള സംഗീത നാടക അക്കാദമി അവാർഡ് ജേതാവായ മിമിക്രി കലാകാരൻ സൈനൻ കെടാമംഗലത്തിന് വിടയേകി നാട്. 61 വയസായിരുന്നു. ഇരുപതോളം സിനിമകളിലും അഭിനയിച്ചിട്ടുണ്ട്. സംസ്കാരം ഇന്ന് ഉച്ചയ്ക്ക് രണ്ടു മണിക്ക് തോന്ന്യകാവ് ശ്മശാനത്തിൽ നടക്കും.

*******************

## വന്ദേ ഭാരത് വൈകിയോടുന്നു

എറണാകുളം—കെഎസ്ആർ ബെംഗളൂരു വന്ദേ ഭാരത് എക്സ്പ്രസ് മൂന്ന് മണിക്കൂർ വൈകിയോടുന്നു. കെഎസ്ആർ ബെംഗളൂരു യാർഡിലെ അറ്റകുറ്റപ്പണികളെ തുടർന്ന് രാവിലെ 5.10-ന് പകരം രാവിലെ 8 മണിക്കാണ് ട്രെയിൻ പുറപ്പെട്ടത്. സർവീസ് വൈകിയതിനാൽ, തിരികെ ഉച്ചയ്ക്ക് 2.20-ന് എറണാകുളത്ത് നിന്ന് ബംഗളൂരുവിലേക്ക് പുറപ്പെടേണ്ട വന്ദേ ഭാരത് സർവീസ് വൈകുന്നേരം 5.20-ലേക്ക് പുനഃക്രമീകരിച്ചു.

*******************

*************

****

RNU TVPM